**തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടർ (എ & റ്റി) യുടെ ഓഫീസ് നടപടിക്രമം**

**വിഷയം :** ആ. വ. ഡ. - ജീവനക്കാര്യം - ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് I തസ്തികയിലെ 2024 ലെ പൊതുസ്ഥലമാറ്റം അന്തിമ പട്ടിക പരിഷ്കരിച്ച് ഉത്തരവാകുന്നു .

**പരാമർശം:**- 1) സ.ഉ.(പി)നം: 03/2017/P&ARD തീയതി : 25/02/2017

2) ഉത്തരവ് നമ്പർ: DHS/6926/2024-EF2 തിയതി : 19/06/2024

3) ഉത്തരവ് നമ്പർ: ഇ എഫ് 2-6926(1)/2024/ആ.വ.ഡ. തീയതി : 15/07/2024

4) ശ്രീമതി. അനിതകുമാരി എസ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA- 1129/2024 അന്തിമ ഉത്തരവ് തീയതി : 22/07/2024

5) ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് I തസ്തികയിലെ ജീവനക്കാരുടെ അപ്പീൽ അപേക്ഷ.

**ഉത്തരവ് നമ്പർ: ഇഎഫ്2-6926/2024/ആ.വ.ഡ. തീയതി: 08-08-2024**

മേൽ പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിൽ 2024 ലെ പൊതുസ്ഥലമാറ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് I തസ്തികയിലെ അന്തിമ സ്ഥലംമാറ്റ പട്ടിക പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. കരട് പട്ടികയിൽ നിന്നും വ്യത്യസ്തമായി പുതിയതായി ചേർക്കപ്പെടുകയോ, ഒഴിവാക്കപ്പെടുകയോ ചെയ്തിട്ടുള്ള ജീവനക്കാർക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ പരാതി നൽകുന്നതിന് സമയം അനുവദിച്ചിരുന്നു. അപ്രകാരം ലഭ്യമായ അപേക്ഷകൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ചു. ഇതിൽ പരിഗണന അർഹിക്കുന്നതായി കണ്ടെത്തിയിട്ടുള്ള പരാതികൾ പരിഹരിക്കുന്നതിനായി മേൽ പരാമർശം (3) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള പട്ടികയിൽ നിന്നും താഴെ പറയുന്ന ജീവനക്കാരെ (ANNEXURE–I) ഒഴിവാക്കി ടി ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**ANNEXURE – 1**

| Sl. No: | PEN | NAME | DESIGNATION | PRESENT STATION | REMARKS |
|---|---|---|---|---|---|
| 1 | 736914 | SHARLET V A | LABORATORY TECHNICIAN GRADE I | CHC VARAPUZHA, ERNAKULAM | COMPASSIONATE GROUND |

മേൽ പട്ടിക പ്രകാരം ശ്രീമതി. ഷെർലെറ്റ് വി എ എന്നവരെ അന്തിമ പട്ടികയിൽ നിന്നും ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ സീനിയർ ആയ ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് I ജീവനക്കാരിയെ താഴെ പറയും പ്രകാരം (ANNEXURE–2) പൊതുസ്ഥലമാറ്റ അന്തിമപട്ടികയിൽ ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

**ANNEXURE – 2**

| Sl. No: | PEN | NAME | DESIGNATION | PRESENT STATION | DISTRICT ALLOTTED ON TRANSFER |
|---|---|---|---|---|---|
| 1 | 732524 | SIMI ELEZEBETH PAUL | LABORATORY TECHNICIAN GRADE I | GENERAL HOSPITAL, MUVATTUPUZHA, ERNAKULAM | MALAPPURAM |

മേൽ പരാമർശം (3) ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് I തസ്തികയിലെ അന്തിമ സ്ഥലംമാറ്റ ഉത്തരവിനെതിരെ ശ്രീമതി. അനിതകുമാരി എസ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA- 1129/2024 - പരാമർശം (4) കോടതി ഉത്തരവ് പ്രകാരം, ടി യാരി നാളിതുവരെയായി എസ് സി / എസ് റ്റി പ്രൊട്ടക്ഷൻ ഉപയോഗപ്പെടുത്താത്ത സാഹചര്യത്തിൽ, പരാമർശം (3) ഉത്തരവിൽ നിന്നും ശ്രീമതി. അനിതകുമാരി എസ്, ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് I എന്നവരെ ഒഴിവാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ആയത് പ്രകാരം പരാമർശം (4) പ്രകാരമുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഭേദഗതികളോടെ പരാമർശം (3) ഉത്തരവ് നിലനിൽക്കുന്നതാണ്.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ടി ജീവനക്കാർക്ക് നിയമന ഉത്തരവ് നൽകേണ്ടതും, നിയമന ഉത്തരവ് ലഭിച്ചതിനുശേഷം മാത്രം സ്ഥാപനമേധാവികൾ ടി ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതുമാണ്.

ആരോഗ്യവകുപ്പ്, ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് വിടുതൽ/പ്രവേശന നടപടികൾക്കുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

Signed by
Jayasree V
Date: 08-08-2024 17:15:25

DR. JAYASREE V

ADDITIONAL DIRECTOR OF HEALTH SERVICES

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ(സ്ഥാപന മേധാവി മുഖേന)

പകർപ്പ് :1) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർക്കും, എല്ലാ സ്ഥാപന മേധാവികൾക്കും

2) ഫയൽ /കരുതൽ ഫയൽ